**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **24-02-2022 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകൾ നീട്ടി കൂട്ടുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപന സംവിധാനം നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ) | പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും ഉൾപ്പടെ വിവിധ വകുപ്പുകൾ അടങ്ങിയ അന്തർ വകുപ്പുതല ഏകോപനസമിതിയായ ഡിസ്ട്രിക്ട് കോർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്. ജില്ലാ കളക്ടർ ആണ് ഈ സമിതിയുടെ അദ്ധ്യക്ഷൻ. ഈ സമിതി യോഗം ചേർന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് പ്രവൃത്തികൾ ഏകോപിപ്പിക്കാറുണ്ട്. കൂടാതെ ജലവിതരണ പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകൾ നീട്ടി കൂട്ടുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേക്കായി റോഡുകൾ കുഴിക്കുന്നതിനും പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡ് നവീകരണത്തിന്റെ ഭാഗമായി ജലവിതരണ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പും പൊതുമരാമത്തു വകുപ്പും സംയുകതമായി ഒരു ഓൺലൈൻ പോർട്ടൽ (RoW portal ) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളുടെ വിവരം, പൊതുമരാമത്തു റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികളുടെ വിവരം എന്നിവ മുൻകൂട്ടി മേല്പറഞ്ഞ പോർട്ടലിൽ രേഖപ്പെടുത്തുകയും അതനുസരിച്ച പൊതുമരാമത്തു റോഡ് പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് മുൻപ് തന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നത് വഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധിക ചെലവ് ഒഴിവാക്കാവുന്നതുമാണ്. കൂടാതെ ജലവിതരണ പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മേല്പറഞ്ഞ പോർട്ടൽ സംവിധാനത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്. ഇത് പ്രാവർത്തികമാക്കാനും ഇതുമായി ബന്ധപ്പെട്ട് കാര്യങ്ങളിൽ വരുന്ന അനന്തര |

| | | | |
|---|---|---|---|
| | | | നടപടികൾക്കുമായി 05.01.2022 ൽ ബഹു. പൊതുമരാമത്തു വകുപ്പ് മന്ത്രിയും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും ചേർന്ന മീറ്റിംഗിൽ പൊതുമരാമത്തു സെക്രട്ടറി ചെയർമാനായും പൊതുമരാമത്തു വകുപ്പ് ഉദ്യോഗസ്ഥരും ജല അതോറിറ്റി ഉദ്യോഗസ്ഥരും ചേർന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു. അതിൻ പ്രകാരം 18.01.2022 തീയതിയിൽ ചേർന്ന കമ്മിറ്റിയിൽ നടപ്പ് വർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തികളുടെ വിവരവും പൊതുമരാമത്തു റോഡ് നവീകരണ പ്രവർത്തികളുടെ വിവരവും അടിയന്തിരമായി മേൽപറഞ്ഞ RoW പോർട്ടലിൽ ചേർക്കേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ